LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 ഒക്ടോബർ 27, തിങ്കൾ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 1986 ഒക്ടോബർ 27-ാം തീയതി തിങ്കളാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മൽസ്യബന്ധനത്തിനുള്ള ജലാതിർത്തി

*96[97] ശ്രീ. നാലകത്തു സൂപ്പി :
,, ഇ. ടി. മുഹമ്മദു ബഷീർ :
,, കെ.പി.എ. മജീദ് :
,, എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി.കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടൻ വള്ളം, യന്ത്രവൽകൃത ബോട്ട്, ആഴക്കടൽ ട്രോളർ എന്നിവ ഉപയോഗിച്ചുള്ള മൽസ്യബന്ധനത്തിന് പ്രത്യേകം പ്രത്യേകം ജലാതിർത്തി തിരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം ജലാതിർത്തി തിരിക്കാൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ നിർദ്ദേശങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പഴ്സീൻ, റിംഗ്സീൻ, ചെലാജിക് ട്രാൾ, മിഡ് വാട്ടർ ട്രാൾ എന്നീ വലകൾ ഉപയോഗിച്ചുള്ള യന്ത്രവൽകൃത മൽസ്യബന്ധനം 22 കിലോമീറ്ററിനപ്പുറവും, മറ്റ് രീതിയിലുള്ള യന്ത്രവൽകൃത മൽസ്യബന്ധനം

തെക്ക് കൊല്ലങ്കോടുമുതൽ പരവൂർ പൊഴിക്കരെ വരെയുള്ള 78 കിലോമീറ്റർ തീരക്കടലിൽ 30 മീറ്റർ ആഴത്തിനപ്പുറവും, പൊഴിക്കര മുതൽ വടക്ക് മഞ്ചേശ്വരം വരെയുള്ള 512 കിലോമീറ്റർ തീരക്കടലിൽ 20 മീറ്റർ ആഴത്തിനപ്പുറവും മാത്രമേ നടത്താവൂ എന്ന് 1980-ലെ കേരളാ കടൽ മൽസ്യബന്ധന ക്രമീകരണ നിയമപ്രകാരം ഗവൺമെന്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ മോട്ടോറുകൾ ഘടിപ്പിച്ച് മൽസ്യബന്ധനം നടത്തുന്ന നാടൻ വള്ളങ്ങൾക്ക് ഇത് ബാധകമല്ല.

ശ്രീ. നാലകത്തു സൂപ്പി : നിയന്ത്രണം ലംഘിച്ചുകൊണ്ട് മൽസ്യബന്ധനം നടത്തുന്ന ബോട്ടുകളുടെ പേരിൽ ഇന്നുവരെ എത്ര കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ട് ; അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്, ഇത് നിയന്ത്രിക്കാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ.എൽ. ജേക്കബ് : 1980-ലെ കേരളാ കടൽ മൽസ്യബന്ധന ക്രമീകരണ നിയമപ്രകാരം 1984 നവംബർ 30-ാം തീയതി പുറപ്പെടുവിച്ച രണ്ട് വിജ്ഞാപനങ്ങളാണ് ഹൈക്കോടതി റദ്ദാക്കിയത്. എസ്. ആർ. ഒ. നമ്പർ 1496/84, എസ്.ആർ.ഒ. നമ്പർ 1498/84 എന്നീ രണ്ട് വിജ്ഞാപനങ്ങളുമനുസരിച്ച് ടെറിട്ടോറിയൽ വാട്ടേഴ്സിനുള്ളിൽ അതായത് 22 കിലോമീറ്ററിനപ്പുറം പഴ്സീൻ, റിംഗ്സീൻ, ചെലാജിക് ട്രാൾ, മിഡ് വാട്ടർ ട്രാൾ എന്നീ വലകൾ ഉപയോഗിച്ചുള്ള മൽസ്യബന്ധനം നിരോധിച്ചിരുന്നു. ആ വിജ്ഞാപനങ്ങളാണ് ഹൈക്കോടതി റദ്ദാക്കിയത്. അതിൻമേൽ സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിക്കുകയും 1986-ൽ സുപ്രീംകോടതിയിൽനിന്ന് ഹൈക്കോടതിക്കെതിരായി ഒരു സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ മുൻ സൂചിപ്പിച്ച സർക്കാർ വിജ്ഞാപനങ്ങൾ പ്രാബല്യത്തിലാണ്.

ശ്രീ. നാലകത്തു സൂപ്പി : ഈ നിയമം ലംഘിച്ചുകൊണ്ട് മൽസ്യബന്ധനം നടത്തുന്ന കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ടോയെന്നാണെന്റെ ചോദ്യം. അതുപോലെതന്നെ ഇതിനു നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് മതിയായ മൽസ്യബന്ധന പരിശീലനം നൽകിയിട്ടുണ്ടോ, ആവശ്യത്തിനുള്ള ബോട്ടുകളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ.എൽ. ജേക്കബ് : പരിധി ലംഘിച്ച് മൽസ്യബന്ധനം നടത്തിയവകയിൽ ശിക്ഷിക്കപ്പെട്ട ബോട്ടുകളും അതിന്റെ വിവരങ്ങളും താഴെ പറയുംപ്രകാരമാണ്. 1981-ൽ 84 ബോട്ടുകൾ പിടിച്ചിട്ടുണ്ട്. അതിനു പിഴ 3,66,502 രൂപ. പിടിച്ച ബോട്ടിലുണ്ടായിരുന്ന മൽസ്യംവിറ്റവകയിൽ 4,056.90 രൂപ. 1981-82-ൽ 30 ബോട്ടുകൾ പിടിച്ചു. പിഴ 70,000 രൂപ അതിൽ മൽസ്യം ഉണ്ടായിരുന്നില്ല. 1982-83-ൽ 813 ബോട്ടുകൾ പിടിച്ചു. 3,17,280 രൂപ പിഴ. 1983-84-ൽ 65 ബോട്ടുകൾ പിടിച്ചു. 1,77,600 രൂപയാണ് പിഴ. മൽസ്യം വിറ്റ വകയിൽ 7,199.59 രൂപ കിട്ടിയിട്ടുണ്ട്. 1984-85-ൽ 185 ബോട്ടുകൾ പിടിച്ചിട്ടുണ്ട്. 1,80,300 രൂപയാണ് പിഴ. മൽസ്യം വിറ്റത് 11,365 രൂപ. രണ്ടു ട്രോളർ ബോട്ടുകൾ കണ്ടുകെട്ടിയിട്ടുണ്ട്. എങ്കിലും അവർ ഹൈക്കോടതിയിൽ പോകുകയും ഹൈക്കോടതി ഉത്തരവു മുഖേന അത് വിട്ടുകൊടുക്കേണ്ടിവരുകയും ചെയ്തിട്ടുണ്ട്. 1985-86-ൽ 82 ബോട്ടുകൾ പിടിച്ചിട്ടുണ്ട്. 1,28,400 രൂപയാണ് പിഴ. മൽസ്യം വിറ്റത് 3,250 രൂപയ്ക്കാണ്. 1986-87-ൽ ഒരു ബോട്ട് പിടിച്ചിട്ടുണ്ട്. മൽസ്യം വിറ്റവകയിൽ 90 രൂപ കിട്ടിയിട്ടുണ്ട്, ആകെ 528 ബോട്ടുകൾ പിടിച്ചു. 11,84,082 രൂപ പിഴയായും 34,500 രൂപ മൽസ്യംവിറ്റ വകയിലും കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.കെ.പി.എ. മജീദ് : ജലാതിർത്തി ലംഘനം നടത്തിക്കൊണ്ടുള്ള മൽസ്യബന്ധനംമൂലം കടലിൽ സംഘട്ടനം നടന്നുവെന്നുള്ള വാർത്തകൾ പല പ്പോഴായി വന്നിട്ടുണ്ട്. അതുകൊണ്ട് കടലിലുള്ള ഈ സംഘട്ടനങ്ങൾ ഒഴിവാ ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ജലാതിർത്തി കഴിഞ്ഞ് മൽസ്യബന്ധനം നടത്തുന്നതിനെ തടയാൻ ഇന്നുള്ള സംവിധാനമെന്താണ് ; അതിന് കാര്യ മായിട്ട് എന്തെങ്കിലും സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എ.എൽ. ജേക്കബ് : ജലാതിർത്തിലംഘനം തടയൽ ഉൾപ്പെടെ കടൽ മൽസ്യബന്ധന ക്രമീകരണനിയമം നടപ്പിലാക്കുന്നതിന് ഡി.ഐ.ജി. യുടെ റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കീഴിൽ ആവശ്യമായ സ്കാഡുകൾ പ്രവർത്തിക്കുന്നു. ഇവർ കടലിൽ പെട്രോളിംഗ് നടത്തി വരുന്നു. അതിനായി മൂന്നു സ്പീഡുബോട്ടുകളും ആറ് സാധാരണ ബോട്ടു കളും നൽകിയിട്ടുണ്ട്. ഇപ്പോൾ ഡി.ഐ.ജി. യുടെ കീഴിൽ ഒരു ഫിഷറീസ് ഡെപ്യൂട്ടി സയറക്ടറും മുൻ നാവികോദ്യോഗസ്ഥൻമാരായ 24 ഗാർഡുകളും ഉണ്ട്. ഈ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനായി 1986 സെപ്റ്റംബറിൽ കൂടുതൽ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പുതിയ സ വിധാനം താഴെ പറയും പ്രകാരമാണ്. ഡി.ഐ.ജി—ഒന്ന്, സെപ്യൂട്ടി ഡയറക്ടർ—1, എസ്സ്.പി—ഒന്ന്, സി.ഐ. റാങ്കിലുള്ള ഇൻസ്പെക്ടർ അല്ലെങ്കിൽ ഗാർഡ്—മൂന്ന്, എസ്.ഐ. റാങ്കിലുള്ള സബ് ഇൻസ്പെക്ടർ—ആറ്, ഹെഡ്കോൺസ്റ്റബിൾ റാങ്കിലുള്ള ഗാർഡ്—12, ഗാർഡ്—60, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് കേന്ദ്രങ്ങളെ ആസ്ഥാനമാക്കിയാണ് പെട്രോളിംഗ് നടത്തുന്നത്.

ശ്രീ.കെ.പി.എ. മജീദ് : ജലാതിർത്തിയിൽ മൽസ്യബന്ധനം നടത്തു ന്നതിന് നാം സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. കെ.കരുണാകരൻ) : ഒന്ന്, ഇതിന്റെ ആഴവും ദൂരവും. രണ്ട്, കേരളത്തിന്റെ അതിർത്തികളിൽ കേരള ഗവൺമെന്റിനധികാരമുള്ള അതിർത്തികളിൽ,

ശ്രീ.എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ : നമ്മുടെ അതിർത്തി ലംഘി ച്ചുകൊണ്ട് ഏതെങ്കിലും വിദേശ രാഷ്ട്രങ്ങളിൽ നിന്നുള്ള യന്ത്രവൽകൃത ബോട്ടുകളോ അതുപോലെയുള്ള ട്രോളറുകളോ വന്ന് അതിർത്തിക്കുള്ളിൽ കടന്ന് മീൻ പിടിച്ചതിന്റെ പേരിൽ വല്ല സംഘട്ടനവും ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ശ്രീ.എ.എൽ. ജേക്കബ് : പലയിടത്തും സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്. അതൊക്കെ ഒത്തുതീർപ്പിലാക്കിയിട്ടുമുണ്ട്.

ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി : ജലാതിർത്തി ലംഘിക്കുന്ന ബോട്ടുകൾ പിടിച്ചെടുക്കാനുള്ള അധികാരം, ശിക്ഷിക്കാനുള്ള അധികാരം, അപ്പീൽ അധി കാരം ഇതൊക്കെ ആർക്കാണ് ?

ശ്രീ. എ.എൽ. ജേക്കബ് : അത് പിടിച്ചെടുക്കുന്നതിനുവേണ്ടി പ്രത്യേകം ആഫീസേഴ്സിനെ നിയമിച്ചിട്ടുണ്ട്.

ശ്രീ.ടി.പി. പീതാംബരൻ മാസ്റ്റർ : ഗവൺമെൻറ് തരുന്ന മറുപടിയിൽ നിന്നുതന്നെ ജില്ലാതിർത്തിയിൽ ലംഘനങ്ങൾ നടക്കുന്നുവെന്നും, ബോട്ടുകൾ പിടിച്ചെടുക്കുന്നുവെന്നും സംഘട്ടനങ്ങൾ ധാരാളം നടക്കുന്നുവെന്നും, മറ്റ് സംസ്ഥാനങ്ങളിലെ ട്രോളറുകൾ നമ്മുടെ അതിർത്തിയിൽ കയറി മീൻ

LIBRARY ARCHIVES Kerala Legislative Assembly

പിടിക്കുന്നുവെന്നുമൊക്കെ സമ്മതിച്ച ഒരു പരിതസ്ഥിതിയിൽ ഈ രംഗത്ത് ഗവൺമെൻറിൻെറ പ്രവർത്തനം പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു എന്ന കാര്യം ഗവൺമെൻറ് സമ്മതിക്കുകയാണോ ? നാടൻ മൽസ്യത്തൊഴിലാളികളും ബോട്ടുകാരും തമ്മിലുണ്ടാകുന്ന നിരന്തര സംഘട്ടനങ്ങളുടെ ഫലമായി ഒരുപിടി ആളുകൾ തല്ലുപിടിച്ചു നശിക്കുന്നുണ്ട്. അത് അവസാനിപ്പിക്കാൻ എന്തെങ്കിലും ചെയ്യാൻ കഴിയുമോ ?

ശ്രീ.എ.എൽ. ജേക്കബ് : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലൊന്നും സംഭവിച്ചിട്ടില്ല. ഇടയ്ക്ക് വല്ലപ്പോഴും ചില സംഘട്ടനങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ അത് പുതിയ നിയമപ്രകാരം തടയാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ.വി. ദിനകരൻ : കർണ്ണാടകം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് പരിധി ലംഘിച്ച് നമ്മുടെ സംസ്ഥാനത്തു വന്ന് മൽസ്യബന്ധനം നടത്തുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അങ്ങനെയെങ്കിൽ ഇങ്ങനെ പരിധി ലംഘിച്ച് മൽസ്യബന്ധനം നടത്തുന്ന മറ്റ് സംസ്ഥാനങ്ങളിലെ ബോട്ടുകാർക്ക് ഈ പറഞ്ഞിരിക്കുന്നതനുസരിച്ചുള്ള ശിക്ഷ ബാധകമാണോ , അല്ലെങ്കിൽ ബാധകമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ.എ.എൽ. ജേക്കബ് : പിടിച്ചുകഴിഞ്ഞാൽ അത് ബാധകമാണ്.

ശ്രീ.എ.വി. താമരാക്ഷൻ : 1981-ൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ മൽസ്യബന്ധന നിയന്ത്രണ നിയമത്തിൻെറ അടിസ്ഥാനത്തിൽ മൽസ്യബന്ധനം നടത്തുന്നതിനെ സംബന്ധിച്ചുള്ള അതിർത്തി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇത് ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്തതിൻെറ ഫലമായി നാടൻ വള്ളങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളും യന്ത്രവൽകൃത ബോട്ടുകളിലെ തൊഴിലാളികളും തമ്മിൽ സംഘട്ടനമുണ്ടാകുകയും ആ സംഘട്ടനത്തിൻെറ ഫലമായി എത്രപേർ മരണമടഞ്ഞു എന്ന് വ്യക്തമാക്കുമോ ? കഴിഞ്ഞ മാസം തന്നെ നീണ്ടകരയിൽ ഒരു നാടൻവള്ളത്തിൽ പോയ തൊഴിലാളികളെ ബോട്ടുടമകളും അവരുടെ ഗുണ്ടകളും ചേർന്ന് തല്ലിക്കൊന്ന് കായലിൽ താഴ്ത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ആ കാര്യത്തിൽ എന്ത് നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചത് എന്ന് വ്യക്തമക്കുമോ ?

ശ്രീ.എ.എൽ. ജേക്കബ് : ഇവിടെ പറയുന്ന തരത്തിൽ ആളുകൾ അവിടെ മരണമടഞ്ഞതായി അറിയില്ല.

ശ്രീ. വി. കെ. രാജൻ : നിയമപ്രകാരമുള്ള ജലാതിർത്തി ലംഘിച്ചുകൊണ്ട് മൽസ്യബന്ധനം നടത്തുന്നവരെ പിടിക്കാൻ ചില സംവിധാനങ്ങളേർപ്പെടുത്തിയെന്നു പറഞ്ഞു—മൂന്ന് സ്പീഡ് ബോട്ടും ചില ഉദ്യോഗസ്ഥൻമാരും ഉൾപ്പെടെ. എന്നാൽ മുഖ്യമന്ത്രിയും അങ്ങും ഈ വകുപ്പിൻെറ ചാർജ്ജ് ഏറ്റെടുത്തതിനുശേഷം നമ്മുടെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ജോലിയില്ലാതെ കഷ്ടപ്പെടുന്ന ഒരു സ്ഥിതിവിശേഷം ഉണ്ട്. നിങ്ങൾ ചെയ്തതെല്ലാം ഈ തൊഴിലാളികൾക്ക് ദ്രോഹപരമായിട്ടായിരുന്നു, അത് പരിശോധിച്ചുകൊണ്ട് പരമ്പരാഗത മൽസ്യത്തൊഴിലാളികളെ രക്ഷിക്കാൻ വല്ല നടപടിയും സ്വീകരിക്കാൻ തയ്യാറാണോ ?

ശ്രീ.എ.എൽ. ജേക്കബ് : പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഇപ്പോൾ ഇഷ്ടംപോലെ ജോലിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly